(ബി) മേൽ റൂളിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ മേൽ ശിക്ഷണാധികാരിക്ക് കെ.സി.എസ്. (സി.സി. ആന്റ് എ) റൂളുകൾക്ക് വിധേയമായി ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) അനുവദിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇല്ല

(എഫ്) ഉദിക്കുന്നില്ല.

സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷൻ

12 (945) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യസമര സേനാനികളുടെ പെൻഷൻ വർദ്ധിപ്പിച്ചുവോ ;

(ബി) എങ്കിൽ എന്നുമുതൽ ;

(സി) വർദ്ധിപ്പിച്ച തോതിലുള്ള പെൻഷൻ നൽകിത്തുടങ്ങിയോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് പറയുമോ ;

(ഡി) ഇപ്പോൾ ഈയിനത്തിൽ എന്തു തുക കുടിശ്ശികയുണ്ട് ;

(ഇ) കുടിശ്ശിക തുക എന്നു മുതൽ കൊടുക്കാനാണുദ്ദേശിക്കുന്നത് ?

ഉത്തരം

(എ & ബി) വർദ്ധിപ്പിച്ചു. 8-1-2000 മുതൽ

(സി) ഇല്ല. സാമ്പത്തിക നടപടി പൂർത്തിയായിട്ടില്ലാത്തതിനാൽ.

(ഡി) ഓരോരുത്തർക്കും 6,000 രൂപ വരെ ഇതുവരെ കുടിശ്ശികയുണ്ട്.

(ഇ) കാലവിളംബം കൂടാതെ കൊടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ട്

13 (946) ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് നടത്തിയ ഗതാഗത വകുപ്പിന്റെ വർക്ക് സ്റ്റഡി റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ് ;

(സി) എ. എം. വി. ഐ. മാരുടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കാനാണ് ശുപാർശ ചെയ്തിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിലുള്ള ആർ. ടി. ആഫീസ്, ജോയിന്റ് ആർ. ടി. ഓഫീസുകളിൽ എ.എം.വി.ഐ.-മാരുടെ എത്ര പുതിയ തസ്തികകൾ അനുവദിക്കണമെന്നാണ് പ്രസ്തുത റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ളത് ;

(ഇ) വർക്ക് സ്റ്റഡി റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് പറയുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാന ശുപാർശകൾ താഴെ ചേർക്കുന്നു.

1. കുടിശ്ശിക നികുതി പിരിക്കുന്നതിന് പ്രത്യേക വിംഗ് രൂപീകരിക്കുക.
2. നിലവിലുള്ള ഓഫീസുകളിൽ പുതിയ വിവിധ തസ്തികകൾ സൃഷ്ടിക്കുക, ചില തസ്തികകൾ അപ്ഗ്രേഡ് ചെയ്യുക.
3. ചില താലൂക്ക് കേന്ദ്രങ്ങളിൽ പുതിയ സബ് ആർ.ടി ഓഫീസുകൾ സ്ഥാപിക്കുക, അവയ്ക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുക.
4. പുതുതായി ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുക.
5. പുതുതായി വാഹനങ്ങൾ വാങ്ങുക.
6. എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കുക.

(സി) 206

(ഡി) ആർ. ടി. ഓഫീസുകളിൽ 77-ഉം സബ് ആർ. ടി. ഓഫീസുകളിൽ 42-ഉം എ.എം.വി.ഐ.മാരുടെ പുതിയ തസ്തികകൾ അനുവദിക്കണമെന്നാണ് ശുപാർശ.

(ഇ) സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു.

1. 13 ജൂനിയർ സൂപ്രണ്ടുമാരുടെ തസ്തികകൾ സീനിയർ സൂപ്രണ്ടുമാരുടെ തസ്തികകളാക്കി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.
2. വടകര, മൂവാറ്റുപുഴ, ആറ്റിങ്ങൽ കേന്ദ്രങ്ങളായി മൂന്ന് പുതിയ ആർ.ടി. ഓഫീസുകൾ തുടങ്ങുന്നതിനുള്ള അനുമതി നൽകി.
3. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് കേന്ദ്രങ്ങളിലായി 5 പുതിയ എൻഫോഴ്സ്മെന്റ് സ്ക്വാഡ് തുടങ്ങുന്നതിനുള്ള അനുമതി നൽകി.

LIBRARY ARCHIVES Kerala Legislative Assembly

4. താഴെ പറയുന്ന പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അനുമതി നല്കി.

1.	ആർ. ടി. ഒ.	3
2.	ജോയിന്റ് ആർ. ടി. ഒ	3
3.	എം.വി.ഐ	11
4.	എ.എം.വി.കെ.	22
5.	സീനിയർ സൂപ്രണ്ട്	3
6.	ജൂനിയർ സൂപ്രണ്ട്	3
7.	പി.ആർ.ഒ	3
8.	ഹെഡ് അക്കൗണ്ടന്റ്	3
9.	എൽ.ഡി.സി.	18
10.	എൽ.ഡി. ടൈപ്പിസ്റ്റ്	6
11	ഡ്രൈവർ	8
12.	അറ്റന്റർ	6
13.	പ്യൂൺ	9
14.	പി.ടി.സ്വീപ്പർ	3

5. മൂന്ന് കാറുകളും 4 ജീപ്പുകളും വാങ്ങിക്കുവാൻ അനുമതി നൽകി.

6 10 ലക്ഷം രൂപക്കുള്ള ഓഫീസ് ഫർണിച്ചർ വാങ്ങുവാൻ അനുമതി നൽകി.

പി.എസ്.സി നടത്തുന്ന പരീക്ഷകൾ

14 (947) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗ നിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ ഉത്തരക്കടലാസിൽ ഉദ്യോഗാർത്ഥികളുടെ ജാതി രേഖപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതെന്തിനെന്ന് വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly